2025-ലെ കേരള ഗാർഹിക തൊഴിലാളികളെ നിയോഗിക്കുന്ന സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 286

2025-ലെ കേരള ഗാർഹിക തൊഴിലാളികളെ നിയോഗിക്കുന്ന സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ

1017/2025.

ബിൽ നമ്പർ 286

2025-ലെ കേരള ഗാർഹിക തൊഴിലാളികളെ നിയോഗിക്കുന്ന സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

സംസ്ഥാനത്ത് ഗാർഹിക തൊഴിലാളികളെ നിയോഗിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും നിയന്ത്രണ ത്തിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യ ങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്ത് ഗാർഹിക തൊഴിലാളികളെ നിയോഗിക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾ വ്യാപകമായിരിക്കുന്നതിനാലും പൊതുജനങ്ങൾക്ക് കൂടുതലായി അങ്ങനെയുള്ള തൊഴിലാളികളുടെ സേവനം ആവശ്യമായി വരുന്ന സാഹചര്യത്തിലും അപ്രകാരമുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി അവയുടെ രജിസ്ട്രേഷനും നിയന്ത്രണവും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ളിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള ഗാർഹിക തൊഴിലാളികളെ നിയോഗിക്കുന്ന സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് വിജ്ഞാപനം വഴി സർക്കാർ നിശ്ചയിക്കുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ഗാർഹിക തൊഴിലാളികൾ" എന്നാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾ മുഖേന വീട്ടുജോലികൾ, രോഗീപരിചരണം, ശിശുപരിപാലനം തുടങ്ങിയവയ്ക്കായി നിയോഗിക്കപ്പെടുന്നവർ എന്നർത്ഥമാകുന്നു;

(ബി) "രജിസ്ട്രേഷൻ" എന്നാൽ ഈ ആക്റ്റിലെ 17-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്യുക എന്നർത്ഥമാകുന്നു;

(സി) "സർക്കാർ" എന്നാൽ കേരളസർക്കാർ എന്നർത്ഥമാകുന്നു;

(ഡി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഇ) "സംസ്ഥാന രജിസ്റ്ററിംഗ് ബോർഡ്" എന്നാൽ ഈ ആക്റ്റിലെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച ഒരു സംസ്ഥാന രജിസ്റ്ററിംഗ് ബോർഡ് എന്നർത്ഥമാകുന്നു;

(എഫ്) "ജില്ലാ രജിസ്റ്ററിംഗ് ബോർഡ്" എന്നാൽ ഈ ആക്റ്റിലെ 11-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ജില്ലാ രജിസ്റ്ററിംഗ് ബോർഡ് എന്നർത്ഥമാകുന്നു;

(ജി) "തദ്ദേശ സ്വയംഭരണ സ്ഥാപനം" എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 4-ാം വകുപ്പിനുകീഴിൽ രൂപീകരിക്കപ്പെട്ട ഏതെങ്കിലും തലത്തിലുള്ള ഒരു പഞ്ചായത്തോ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) 4-ാം വകുപ്പിനുകീഴിൽ രൂപീകരിക്കപ്പെട്ട ഒരു മുനിസിപ്പാലിറ്റിയോ എന്നർത്ഥമാകുന്നു;

(എച്ച്) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ഐ) "സ്ഥാപനം" എന്നാൽ ഗാർഹിക തൊഴിലാളികളെ നിയോഗിക്കുന്നതിനായി നടത്തപ്പെടുന്ന സ്ഥാപനം എന്നർത്ഥമാകുന്നു.

3. <u>സംസ്ഥാന രജിസ്റ്ററിംഗ് ബോർഡ്.</u>—(1) സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, ഗാർഹിക തൊഴിലാളികളെ നിയോഗിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും നിയന്ത്രണത്തിനും വേണ്ടി, ഇതിനായി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതി പ്രാബല്യത്തോടെ ഒരു സംസ്ഥാന രജിസ്റ്ററിംഗ് ബോർഡ് രൂപീകരിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) തൊഴിൽ വകുപ്പ് സെക്രട്ടറി, എക്സ്-ഒഫീഷ്യോ, അദ്ദേഹം ചെയർപേഴ്സൺ ആയിരിക്കുന്നതാണ്;

(ബി) സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി, എക്സ്-ഒഫീഷ്യോ; അദ്ദേഹം വൈസ്-ചെയർപേഴ്സൺ ആയിരിക്കുന്നതാണ്;

(സി) തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, എക്സ്-ഒഫീഷ്യോ;

(ഡി) പൊതുജനാരോഗ്യ വകുപ്പ് സെക്രട്ടറി, എക്സ്-ഒഫീഷ്യോ;

(ഇ) ലേബർ കമ്മീഷണർ, എക്സ്-ഒഫീഷ്യോ;

(എഫ്) തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, എക്സ്-ഒഫീഷ്യോ;

(ജി) സംസ്ഥാനത്തെ ഉത്തര-മദ്ധ്യ-ദക്ഷിണ മേഖലകളിലെ സ്ഥാപന ഉടമകളിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടുവീതം പ്രതിനിധികൾ;

(എച്ച്) സംസ്ഥാനത്തെ ഉത്തര-മദ്ധ്യ-ദക്ഷിണ മേഖലകളിലെ റസിഡൻസ് അസ്സോസിയേഷനുകളിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടുവീതം പ്രതിനിധികൾ, അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്;

(ജെ) സംസ്ഥാനത്തെ ഉത്തര-മദ്ധ്യ-ദക്ഷിണ മേഖലകളിൽ ഗാർഹിക തൊഴിലാളിയായി രജിസ്റ്റർ ചെയ്തവരിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടു വീതം പ്രതിനിധികൾ, അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്.

(3) ഈ ആക്റ്റിൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതൊഴികെ എക്സ്-ഒഫീഷ്യോ അംഗങ്ങളല്ലാത്ത അംഗങ്ങളുടെ ഔദ്യോഗിക കാലാവധി അപ്രകാരമുള്ള കൗൺസിലിന്റെ ആദ്യയോഗം നടന്ന തീയതി മുതൽ അഞ്ച് വർഷക്കാലത്തേയ്ക്കായിരിക്കുന്നതാണ്.

4. <u>സംസ്ഥാന രജിസ്റ്ററിംഗ് ബോർഡിന്റെ ചുമതലകൾ.</u>—(1) സംസ്ഥാന രജിസ്റ്ററിംഗ് ബോർഡ് താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(എ) നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ സ്ഥാപനങ്ങളുടെ സംസ്ഥാന തലത്തിലുള്ള ഒരു രജിസ്റ്റർ തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുക;

(ബി) സ്ഥാപനങ്ങളിൽ നിർണ്ണയിക്കുന്ന പ്രകാരമുള്ള പരിശോധന നടത്തുക;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സംബന്ധിച്ച് നിർണ്ണയിക്കാവുന്ന പ്രകാരമുള്ള വിവരങ്ങൾ വെബ്സൈറ്റ് മുഖേന പ്രസിദ്ധീകരിക്കുക;

(ഡി) സാമൂഹ്യ വ്യവസ്ഥകൾക്കനുസൃതമായി ഗാർഹിക തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട നിയമങ്ങളിലോ ചട്ടങ്ങളിലോ ആവശ്യമാകുന്ന ഭേദഗതികൾ സംബന്ധിച്ച് സർക്കാരിലേയ്ക്ക് ശിപാർശകൾ സമർപ്പിക്കുക;

(ഇ) ഗാർഹിക തൊഴിലാളികളുടെ സേവന/വേതന വ്യവസ്ഥകൾ രൂപീകരിച്ച് ഏകീകൃതമാക്കി സംസ്ഥാനത്ത് നടപ്പാക്കുക;

(എഫ്) ഗാർഹിക തൊഴിലാളികളായി പ്രവർത്തിക്കുന്നവർക്ക് ഹെൽത്ത് കാർഡ്, ഇൻഷ്വറൻസ് പരിരക്ഷ, സുരക്ഷാ പെൻഷൻ എന്നിവ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുക;

(ജി) സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് ജെറിയാട്രിക് കെയർ പ്രൊവൈഡർ, പാലിയേറ്റീവ് കെയർ തുടങ്ങി രോഗീപരിചരണം, പ്രസവശുശ്രൂഷ, ശിശുപരിപാലനം, പാചകം എന്നിവയുമായി ബന്ധപ്പെട്ട് അവശ്യം അറിഞ്ഞിരിക്കേണ്ട എല്ലാ കാര്യങ്ങളിലും പ്രായോഗിക പരിശീലനം പ്രാദേശിക തലത്തിൽ നൽകുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുക;

(എച്ച്) ഗാർഹിക തൊഴിലാളിയായി ജോലി ചെയ്യുന്ന എല്ലാവർക്കും മതിയായ പരിശീലനം ലഭിച്ചതാണെന്ന് ഉറപ്പാക്കുക;

(ഐ) ഖണ്ഡം (എച്ച്) പ്രകാരമുള്ള പരിശീലനം സംബന്ധിച്ച് ജില്ലാ ബോർഡിൽ നിന്നും വാർഷിക റിപ്പോർട്ട് തേടുകയും റിപ്പോർട്ട് ബോർഡ് യോഗം പരിശോധിക്കുകയും ചെയ്യുക;

(ജെ) സ്ഥാപനങ്ങൾ ഈടാക്കുന്ന ഫീസുകൾ, ചാർജ്ജുകൾ എന്നിവ തീരുമാനിച്ച് സംസ്ഥാന തലത്തിൽ ഏകീകരിക്കുക;

(കെ) ജില്ലാ രജിസ്റ്ററിംഗ് ബോർഡുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുക;

(എൽ) ജില്ലാ രജിസ്റ്ററിംഗ് ബോർഡുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ട് പരിശോധിക്കുക;

(എം) ജില്ലാ രജിസ്റ്ററിംഗ് ബോർഡുകളിൽനിന്നുള്ള പരാതികളിന്മേൽ തീർപ്പുകൽപ്പിക്കുക.;

(എൻ) സർക്കാർ അതതുകാലങ്ങളിൽ അതിന് ഏൽപ്പിച്ചുകൊടുക്കുന്ന അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുക.

(2) സംസ്ഥാന രജിസ്റ്ററിംഗ് ബോർഡ് അതത് സമയങ്ങളിൽ അതിന് യുക്തമെന്ന് തോന്നുന്ന രജിസ്ട്രേഷൻ ഫീസ്, മറ്റ് ഫീസുകൾ എന്നിവയുടെ നിരക്ക് സംബന്ധിച്ച് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യേണ്ടതും സർക്കാർ നിരക്കുകൾ നിർണ്ണയിക്കേണ്ടതുമാണ്.

5. സംസ്ഥാന രജിസ്റ്ററിംഗ് ബോർഡിന്റെ ദൈനംദിന കാര്യനിർവ്വഹണം.—(1) തൊഴിൽ വകുപ്പിലെ അഡീഷണൽ ലേബർ കമ്മീഷണറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ബോർഡിന്റെ സെക്രട്ടറിയായി നിയമിക്കേണ്ടതാണ്.

(2) ബോർഡിന്റെ ദൈനംദിന ഭരണനിർവ്വഹണം സെക്രട്ടറിയുടെ ചുമതലയിലായിരിക്കുന്നതാണ്.

(3) ബോർഡിന് സർക്കാരിന്റെ അനുമതി പ്രകാരം അതിന്റെ ദൈനംദിന കാര്യനിർവ്വഹണത്തിനായി അങ്ങനെയുള്ള ഉദ്യോഗസ്ഥരെ നിയമിക്കാവുന്നതാണ്.

(4) ബോർഡിന്റെ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ജോലികൾ ജീവനക്കാർ നിർവ്വഹിക്കേണ്ടതാണ്.

6. സംസ്ഥാന രജിസ്റ്ററിംഗ് ബോർഡിന്റെ ആസ്ഥാനം.—സംസ്ഥാന രജിസ്ട്രേഷൻ ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കുന്നതാണ്.

7. സംസ്ഥാന രജിസ്റ്ററിംഗ് ബോർഡ് യോഗങ്ങൾ.—(1) ചെയർപേഴ്സന്റെയോ വൈസ്-ചെയർപേഴ്സന്റെയോ നിർദ്ദേശപ്രകാരം ബോർഡിന്റെ യോഗം ആറുമാസത്തിൽ കവിയാത്ത കാലയളവിൽ ചേരേണ്ടതാണ്.

(2) യോഗങ്ങളിൽ ബോർഡ് ചെയർപേഴ്സണോ അദ്ദേഹത്തിന്റെ അഭാവത്തിൽ വൈസ്-ചെയർപേഴ്സണോ ഇരുവരുടെയും അഭാവത്തിൽ ഹാജരായ അംഗങ്ങളിൽനിന്നും ഒരാളോ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.

(3) അടിയന്തര യോഗം ഒഴികെയുള്ള യോഗങ്ങളുടെ നോട്ടീസും അജണ്ടയും യോഗത്തിന് ഏഴ് ദിവസം മുൻപായി അംഗങ്ങൾക്ക് നൽകേണ്ടതാണ്.

(4) യോഗ തീരുമാനങ്ങൾ സംബന്ധിച്ച നടപടിക്കുറിപ്പ് അംഗങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.

8. യോഗത്തിന്റെ ക്വാറം.—ബോർഡ് യോഗത്തിന്റെ ക്വാറം ആകെ അംഗസംഖ്യയുടെ മൂന്നിൽ ഒന്നായിരിക്കുന്നതാണ്.

9. തർക്കങ്ങൾ തീർപ്പാക്കൽ.—ഏജൻസി സംബന്ധിച്ച യാതൊരു തർക്കവും ജില്ലാ രജിസ്റ്ററിംഗ് ബോർഡിൽ പരിഹാരമാകാത്തപക്ഷം സംസ്ഥാന രജിസ്റ്ററിംഗ് ബോർഡ് അത് പരിഗണിക്കുകയും ബന്ധപ്പെട്ടവർക്ക് ബോർഡിന്റെ മുമ്പാകെ തെളിവുകൾ ഹാജരാക്കുന്നതിനും പറയുവാനുള്ളത് പറയുന്നതിനുമുള്ള ന്യായമായ അവസരം നൽകിയ ശേഷം തർക്കങ്ങൾ തീർപ്പാക്കേണ്ടതുമാണ്:

എന്നാൽ സംസ്ഥാന രജിസ്റ്ററിംഗ് ബോർഡിന്റെ തീരുമാനത്തിന്മേൽ കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടിവരുന്ന യാതൊരാൾക്കും സർക്കാരിലേയ്ക്ക് അപ്പീൽ നൽകാവുന്നതാണ്.

10. സംസ്ഥാന രജിസ്റ്ററിംഗ് ബോർഡ് സെക്രട്ടറിയുടെ അധികാരങ്ങളും ചുമതലകളും.—സെക്രട്ടറിക്ക് താഴെപ്പറയുന്ന പ്രകാരമുള്ള അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(1) ഗാർഹിക തൊഴിലാളികളെ നിയോഗിക്കുന്ന സ്ഥാപനങ്ങളുടെയും തൊഴിലാളികളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി സംസ്ഥാന ബോർഡിന് സമർപ്പിക്കുക;

(2) പ്രവർത്തന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിന് ബോർഡിനെ സഹായിക്കുക;

(3) ബോർഡിന്റെ കാര്യാലയത്തിലെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക;

(4) ബോർഡിന്റെ ധനപരവും ഭരണപരവുമായ കാര്യങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് തീരുമാനങ്ങൾ എടുക്കുക;

(5) ബോർഡിന്റെ പരിഗണനയ്ക്ക് വരേണ്ടതായ കാര്യങ്ങൾ സംബന്ധിച്ച റിപ്പോർട്ട്, ബോർഡ് യോഗത്തിനുള്ള അജണ്ട എന്നിവ തയ്യാറാക്കി സമർപ്പിക്കുക;

(6) ബോർഡ് വെബ്സൈറ്റ് രൂപീകരിച്ച് പരിപാലിക്കുന്നതിന് നടപടി സ്വീകരിക്കുക;

(7) ബോർഡിന്റെ പ്രവർത്തനത്തിനായി നിയോഗിക്കപ്പെടുന്ന ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളും ബോർഡ് ആവശ്യപ്പെട്ട പ്രകാരമുള്ള നിർദ്ദേശങ്ങളോ ഉപദേശങ്ങളോ നൽകുന്നവർക്ക് നൽകേണ്ട പ്രതിഫലവും ഇക്കാര്യങ്ങളിലുള്ള നിബന്ധനകളും കാലാവധി ഉൾപ്പെടെയുള്ള കാര്യങ്ങളിലും സർക്കാർ അനുമതി തേടുകയും ചെയ്യുക;

(8) ബോർഡ്, അതിന്റെ ഏതെങ്കിലും അധികാരം നടപ്പിലാക്കുന്നതിന് അത് തീരുമാനിക്കുന്ന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്താവുന്നതും അപ്രകാരം അത് നിർവ്വഹിക്കുവാൻ സെക്രട്ടറി ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്;

(9) ഭരണപരമായ തീരുമാനങ്ങളും നടപടികളും ബോർഡിന്റെ തൊട്ടടുത്ത യോഗത്തിൽ പരിഗണിക്കുന്നതിന് സമർപ്പിക്കുക;

(10) ബോർഡിന്റെ ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കുക;

(11) ചെയർപേഴ്സന്റെ നിർദ്ദേശപ്രകാരം യോഗം വിളിച്ചുചേർക്കുക;

(12) ബോർഡിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുക;

(13) ബോർഡുമായി ബന്ധപ്പെട്ട എല്ലാ രേഖകളും നടപടിക്രമങ്ങളും ബോർഡിന്റെ നിർദ്ദേശാനുസരണം അംഗീകരിക്കുക;

(14) ബോർഡ് യോഗങ്ങളുടെ തീരുമാനങ്ങളും നയങ്ങളും നടപ്പാക്കുക;

(15) ബോർഡുമായി ബന്ധപ്പെട്ട കേസുകൾ നടത്തുക.

11. ജില്ലാ രജിസ്റ്ററിംഗ് ബോർഡ്.—സർക്കാർ, ജില്ലാതലത്തിൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുവേണ്ടി താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്ന ഒരു ബോർഡ്, വിജ്ഞാപനത്തിലൂടെ രൂപീകരിക്കേണ്ടതാണ്, അതായത്:—

(എ) ജില്ലാ കളക്ടർ, എക്സ്-ഒഫീഷ്യോ - ചെയർപേഴ്സൺ;

(ബി) ജില്ലാ ലേബർ ഓഫീസർ, എക്സ്-ഒഫീഷ്യോ - വൈസ് - ചെയർപേഴ്സൺ;

(സി) ജില്ലാ സാമൂഹ്യനീതി ഓഫീസർ, എക്സ്-ഒഫീഷ്യോ - അദ്ദേഹം ജില്ലാ ബോർഡിന്റെ കൺവീനർ ആയിരിക്കുന്നതാണ്;

(ഡി) ജില്ലാ മെഡിക്കൽ ഓഫീസർ, എക്സ്-ഒഫീഷ്യോ;

(ഇ) ജില്ലയിലെ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ജില്ലാ പഞ്ചായത്ത് സെക്രട്ടറി, എക്സ്-ഒഫീഷ്യോ;

(എഫ്) ജില്ലയിലെ ഏജൻസി ഉടമകളിൽനിന്നും കളക്ടർ നാമനിർദ്ദേശം

ചെയ്യുന്ന മൂന്ന് പ്രതിനിധികൾ;

(ജി) ജില്ലയിൽനിന്നും കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന റസിഡൻസ് അസ്സോസിയേഷന്റെ മൂന്ന് പ്രതിനിധികൾ; അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്.

12. ജില്ലാ രജിസ്റ്ററിംഗ് ബോർഡിന്റെ ചുമതലകൾ.—(1) ജില്ലാ ബോർഡ് താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(i) ജില്ലയിലെ ഏജൻസി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിശോധിച്ച് രജിസ്ട്രേഷൻ നൽകുക;

(ii) രജിസ്ട്രേഷൻ പുതുക്കി നൽകുക;

(iii) സംസ്ഥാന രജിസ്റ്ററിംഗ് ബോർഡിന്റെ നിർദ്ദേശപ്രകാരം രജിസ്ട്രേഷൻ താൽക്കാലികമായി പിൻവലിക്കുകയോ റദ്ദാക്കുകയോ ചെയ്യുക;

(iv) ബന്ധപ്പെട്ട ആക്റ്റും ചട്ടങ്ങളും പ്രകാരമുള്ള വ്യവസ്ഥകൾ ഏജൻസികൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക;

(v) സർക്കാരും സംസ്ഥാന രജിസ്റ്ററിംഗ് ബോർഡും നിർദ്ദേശിക്കുന്ന പ്രകാരമുള്ള റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കുക;

(vi) സ്ഥാപനങ്ങൾ നേരിട്ട് സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തുക;

(vii) കാലാകാലങ്ങളിൽ ജില്ലാ രജിസ്റ്ററിംഗ് ബോർഡിനെ ചുമതലപ്പെടുത്തുന്ന അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുക.

(2) ജില്ലാ രജിസ്റ്ററിംഗ് ബോർഡ് അതിന്റെ ഏതെങ്കിലും അധികാരം നടപ്പിലാക്കുന്നതിന് അത് തീരുമാനിക്കുന്ന പ്രകാരം കൺവീനറെ ചുമതലപ്പെടുത്താവുന്നതും അപ്രകാരം നിർവ്വഹിക്കുവാൻ കൺവീനർ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

(3) ജില്ലാ രജിസ്റ്ററിംഗ് ബോർഡിന്റെ നിർദ്ദേശപ്രകാരം കൺവീനർ സ്വീകരിച്ച നടപടി തൊട്ടടുത്ത ജില്ലാ ബോർഡ് യോഗത്തിൽ സമർപ്പിക്കേണ്ടതാണ്.

13. ജില്ലാ രജിസ്റ്ററിംഗ് ബോർഡ് യോഗം.—(1) ജില്ലാ രജിസ്റ്ററിംഗ് ബോർഡ് യോഗം മൂന്ന് മാസത്തിലൊരിക്കലെങ്കിലും ചേരേണ്ടതാണ്.

(2) ബോർഡിന്റെ ഒരു യോഗത്തിന്റെ ക്വാറം അതിന്റെ ആകെ അംഗസംഖ്യയുടെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

(3) യോഗത്തിൽ ചെയർപേഴ്സണോ അദ്ദേഹത്തിന്റെ അഭാവത്തിൽ വൈസ്-ചെയർപേഴ്സണോ ഇരുവരുടേയും അഭാവത്തിൽ യോഗത്തിൽ ഹാജരായിട്ടുള്ളവരിൽനിന്നും ഒരാളോ അദ്ധ്യക്ഷനായിരിക്കേണ്ടതാണ്.

(4) യോഗതീരുമാനങ്ങൾ സംബന്ധിച്ച നടപടിക്കുറിപ്പ് അംഗങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.

14. ജില്ലാ രജിസ്റ്ററിംഗ് ബോർഡ് കൺവീനറുടെ ചുമതലകൾ.—(1) ജില്ലാ

രജിസ്റ്ററിംഗ് ബോർഡിന്റെ ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കുക.

(2) ചെയർപേഴ്സന്റെ നിർദ്ദേശപ്രകാരം അജണ്ട തയ്യാറാക്കി ജില്ലാ ബോർഡ് യോഗം വിളിച്ചു ചേർക്കുക.

(3) ജില്ലാ തലത്തിൽ ബോർഡ് തീരുമാനങ്ങൾ നടപ്പിലാക്കുക.

15. ഗാർഹിക തൊഴിലാളികളെ നിയോഗിക്കുന്ന സ്ഥാപനങ്ങളുടെ ചുമതലകൾ.—(1) ഗാർഹിക തൊഴിലാളികളെ നിയോഗിക്കുന്ന ഏതൊരു സ്ഥാപനവും സർക്കാർ രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്.

(2) ഗാർഹിക തൊഴിലാളിയായി ജോലി ചെയ്യുന്നതിന് അപേക്ഷ നൽകിയതും സ്ഥാപനം ഏർപ്പെടുത്തുന്ന പരിശീലനത്തിന് യോഗ്യതയുള്ളതായി ബോദ്ധ്യപ്പെടുന്നവരുമായവരെ സ്ഥാപനത്തിന്റെ ഉടമ അല്ലെങ്കിൽ ചുമതലയുള്ളയാൾ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ നിർണ്ണയിക്കാവുന്ന ഫാറം പ്രകാരമുള്ള വിവരങ്ങൾ ചേർത്ത് രജിസ്റ്റർ ചെയ്യേണ്ടതാണ്.

(3) ഗാർഹിക തൊഴിലാളിയായി നിയോഗിക്കപ്പെടുന്നവർക്ക് 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ഖണ്ഡം (ജി) പ്രകാരം പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(4) ഗാർഹിക തൊഴിലാളിയായി ജോലി ചെയ്യുന്നതിന് രജിസ്റ്റർ ചെയ്യപ്പെട്ട ആളുകളുടെ ജോലിയിലുള്ള താല്പര്യം, ധാർമ്മികത, അവർ കുറ്റകൃത്യത്തിൽ ഏർപ്പെട്ടവരാണോ, കുറ്റവാസന ഉള്ളവരാണോ എന്നിങ്ങനെ പ്രസക്തമായ വിവരങ്ങൾ നിർബന്ധമായും സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്.

(5) പരിശീലനം നേടിയതും ഗാർഹിക ജോലിക്ക് നിയോഗിക്കാവുന്നതാണെന്ന് ബോദ്ധ്യപ്പെടുന്നതുമായവരെ മാത്രം ജോലിക്ക് നിയോഗിക്കേണ്ടതാണ്.

(6) ജോലിക്കായി നിയോഗിക്കപ്പെട്ടയാളിന്റെ വിവരങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ഏജൻസിയുടെ സേവനം ആവശ്യപ്പെട്ട ആൾക്കോ അയാളുടെ വീട്ടുകാർക്കോ നൽകേണ്ടതാണ്.

(7) സ്ഥാപനത്തിന്റെ ഉടമ അല്ലെങ്കിൽ ചുമതലയുള്ളയാൾ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടവരുടെ വിവരങ്ങളോടൊപ്പം തിരിച്ചറിയൽ രേഖകളുടെ പകർപ്പ് സൂക്ഷിക്കേണ്ടതും കൃത്യമായ മേൽവിലാസം, ഫോൺ നമ്പർ, അടുത്ത ബന്ധുക്കളുടെ വിവരവും ഫോൺ നമ്പറും എന്നിവ അവശ്യം ശേഖരിക്കേണ്ടതും രജിസ്ട്രേഷന്റെ ഭാഗമായി രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്.

(8) ഏജൻസികൾ തങ്ങൾ രജിസ്ട്രേഷൻ നൽകിയതും ജോലിക്കായി നിയോഗിക്കപ്പെട്ടവരുമായ ഗാർഹിക തൊഴിലാളികളുടെ കൃത്യമായ എണ്ണവും, അവരുടെ വിവരങ്ങളും അവർക്ക് നൽകിയിട്ടുള്ള പരിശീലനം, വിശ്വാസ്യത, നൽകിയ വേതനം ഉൾപ്പെടെയുള്ള വിവരങ്ങളും സംബന്ധിച്ച റിപ്പോർട്ട് ഓരോ വർഷവും ജില്ലാ ബോർഡിന് സമർപ്പിക്കേണ്ടതാണ്.

(9) ജോലിക്കായി രജിസ്റ്റർ ചെയ്തവർക്ക് തങ്ങളെ ജോലിക്കായി നിയോഗിച്ച

വീടുകളെക്കുറിച്ചുള്ള വിവരം, ജോലിയുടെ സ്വഭാവം തുടങ്ങിയ വിവരങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ സ്ഥാപന നടത്തിപ്പുകാർ നൽകേണ്ടതാണ്.

(10) ജോലിക്കായി നിയോഗിക്കപ്പെടുന്നയാൾ അയാളുടേതായ ഏതെങ്കിലും കാരണത്താൽ ജോലി നിർവ്വഹിക്കുവാൻ കഴിയാതെ വരുന്ന സംഗതിയിൽ അക്കാര്യം അയാൾ സേവനം ചെയ്തിരുന്ന വീട്ടുടമയെ സ്ഥാപനത്തിന്റെ ചുമതലയുള്ള ആൾ അറിയിക്കുകയും അപ്രകാരം അറിയിച്ച തീയതി മുതൽ ഒരാഴ്ചയ്ക്കുള്ളിൽ പകരം ആളിനെ ഏർപ്പെടുത്തേണ്ടതുമാണ്:

എന്നാൽ പകരം ആളിനെ ജില്ലാ രജിസ്റ്ററിംഗ് ബോർഡ് നിർണ്ണയിക്കുന്ന കാലയളവിനുള്ളിൽ നൽകുവാൻ കഴിയാതെ വരുന്ന സംഗതിയിൽ വീട്ടുടമയ്ക്ക് രജിസ്ട്രേഷൻ ഫീസ് തിരികെ ലഭിക്കുന്നതിന് തടസ്സമില്ലാത്തതാകുന്നു.

(11) സ്ഥാപനത്തിൽനിന്നും മുഴുവൻ സമയ ജോലിക്കായി നിയോഗിക്കപ്പെടുന്ന ഒരാളുടെ സംഗതിയിൽ സംസ്ഥാന രജിസ്റ്ററിംഗ് ബോർഡ് നിർണ്ണയിക്കാവുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഒരാഴ്ചയിൽ കുറഞ്ഞത് ഒരു ദിവസം എന്ന ക്രമത്തിൽ ശമ്പളത്തോടെയുള്ള അവധിക്ക് അയാൾക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

(12) ഗാർഹിക തൊഴിലാളിമൂലം വീട്ടുകാരുടെ ജീവനും സ്വത്തിനും എന്തെങ്കിലും ഭീഷണിയോ കഷ്ടനഷ്ടങ്ങളോ ഉണ്ടാകുന്നതായ വിവരം വീട്ടുടമയിൽനിന്നോ അവരുടെ ബന്ധുക്കളിൽ നിന്നോ ലഭ്യമാകുന്ന സംഗതിയിൽ സ്ഥാപനയുടമ അല്ലെങ്കിൽ ചുമതലയുള്ളയാൾ നിയോഗിക്കപ്പെട്ടയാളെ ഏറ്റവും അടുത്ത സമയം ജോലിയിൽനിന്നും ഒഴിവാക്കേണ്ടതും അക്കാര്യം ജില്ലാ രജിസ്റ്ററിംഗ് ബോർഡിന് അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(13) (12)-ാം ഉപവകുപ്പ് പ്രകാരം ഒഴിവാക്കപ്പെട്ടയാളിന് പകരം പുതിയ ആളിനെ (10)-ാം ഉപവകുപ്പനുസരിച്ച് നൽകേണ്ടതാണ്.

(14) (13)-ാം ഉപവകുപ്പ് പ്രകാരം സ്വീകരിച്ച നടപടി ജില്ലാ ബോർഡിനെ ഒരാഴ്ചയ്ക്കുള്ളിൽ അറിയിക്കേണ്ടതാണ്.

16. രജിസ്ട്രേഷനുള്ള നിബന്ധനകൾ.––സ്ഥാപനങ്ങൾ, അവയ്ക്ക് രജിസ്ട്രേഷൻ ലഭിക്കുന്നതിന് താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്, അതായത്:––

(എ) സ്ഥാപനങ്ങളുടെ പ്രവർത്തനം സംസ്ഥാന/ജില്ലാ ബോർഡിന്റെ മാനദണ്ഡങ്ങൾക്കനുസൃതമാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്;

(ബി) ജോലിക്കായി നിയോഗിക്കുന്നവർക്ക് സംസ്ഥാന രജിസ്റ്ററിംഗ് ബോർഡ് നിർണ്ണയിക്കുന്ന പ്രകാരമുള്ള യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്;

(സി) ജോലിക്കായി നിയോഗിക്കപ്പെടുന്നവർക്കുള്ള പരിശീലനം നൽകിയത് സംബന്ധിച്ച രേഖകൾ ഹാജരാക്കേണ്ടതാണ്;

(ഡി) സംസ്ഥാന/ജില്ലാ രജിസ്റ്ററിംഗ് ബോർഡ് അതത് കാലങ്ങളിൽ

പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുമെന്ന് അങ്ങനെയുള്ള ഫാറത്തിൽ രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്;

(ഇ) സംസ്ഥാന സർക്കാരോ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളോ അവർ പ്രസിദ്ധീകരിക്കുന്നതിന് ആവശ്യപ്പെടുന്ന പ്രകാരമുള്ള എല്ലാ വിവരങ്ങളും നിശ്ചയിക്കപ്പെട്ട കാലയളവിൽ നൽകേണ്ടതാണ്;

(എഫ്) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് വ്യവസ്ഥകൾ.

17. രജിസ്ട്രേഷൻ നടപടി.—(1) ഈ ആക്റ്റിലെയും അതിലെ വ്യവസ്ഥകൾക്കനുസൃതമായ ചട്ടങ്ങളും പ്രകാരം സംസ്ഥാനത്തെ ഗാർഹിക തൊഴിലാളികളെ നിയോഗിക്കുന്ന സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

(2) യാതൊരു സ്ഥാപനവും ഈ ആക്റ്റിലെയും ബന്ധപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്യാത്ത പക്ഷം സംസ്ഥാനത്ത് പ്രവർത്തിക്കുവാൻ പാടില്ലാത്തതാകുന്നു.

(3) സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നപക്ഷം രജിസ്ട്രേഷനുവേണ്ടി സംസ്ഥാന രജിസ്റ്ററിംഗ് ബോർഡ് നിർണ്ണയിക്കുന്ന അങ്ങനെയുള്ള ഫാറത്തിൽ അങ്ങനെയുള്ള ഫീസ് സഹിതം ബന്ധപ്പെട്ട ജില്ലാ രജിസ്റ്ററിംഗ് ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(4) ഈ ആക്റ്റ് നിലവിൽ വന്നശേഷം എല്ലാ സ്ഥാപനങ്ങളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലാവധിക്കുള്ളിൽ ഈ ആക്റ്റിലെയും ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകൾ പാലിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(5) രജിസ്ട്രേഷനുള്ള അപേക്ഷയിൽ ഈ ആക്റ്റിലെയും ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ ആ സ്ഥാപനം പാലിക്കുന്നതായുള്ള തെളിവുകൾ ഉൾപ്പെടുത്തി സംസ്ഥാന രജിസ്റ്ററിംഗ് ബോർഡ് നിർണ്ണയിക്കുന്ന അങ്ങനെയുള്ള ഫാറംകൂടി ചേർത്ത് സമർപ്പിക്കേണ്ടതാണ്.

(6) ജില്ലാ രജിസ്റ്ററിംഗ് ബോർഡ്, രജിസ്ട്രേഷൻ നൽകുന്നതിന് മുമ്പ് സ്ഥാപനം സന്ദർശിച്ച് പരിശോധിക്കുകയോ പരിശോധിപ്പിക്കുകയോ ചെയ്യേണ്ടതാണ്.

(7) ജില്ലാ രജിസ്റ്ററിംഗ് ബോർഡ്, ഒരു സ്ഥാപനത്തിന്റെ അപേക്ഷ ലഭിച്ച തീയതി മുതൽ മൂന്ന് മാസത്തിനകം സ്ഥാപന പരിശോധനയും സമർപ്പിക്കപ്പെട്ട രേഖകളുടെ പരിശോധനയും പൂർത്തിയാക്കേണ്ടതും നിർണ്ണയിക്കപ്പെട്ട മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം രജിസ്ട്രേഷൻ നൽകേണ്ടതുമാണ്.

(8) ലഭിച്ച അപേക്ഷ പരിശോധിച്ചതിൽ ഏതെങ്കിലും സ്ഥാപനം, ഈ ആക്റ്റിലെയും ബന്ധപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിക്കുന്നില്ലെന്നും സമർപ്പിക്കപ്പെട്ട അപേക്ഷയിൽ പൂർണ്ണമായ വിവരം നൽകിയിട്ടില്ലെന്നോ അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ലെന്നോ ജില്ലാ രജിസ്റ്ററിംഗ് ബോർഡിന് ബോദ്ധ്യമാകുന്ന സംഗതിയിൽ രജിസ്ട്രേഷൻ നൽകാതിരിക്കുന്നതിനുള്ള കാരണം അപേക്ഷകനെ അറിയിക്കേണ്ടതാണ്.

(9) (8)-ാം ഉപവകുപ്പ് പ്രകാരം അറിയിപ്പ് ലഭിച്ച അപേക്ഷകൻ അപ്രകാരം

അറിയിപ്പ് ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം ജില്ലാ രജിസ്റ്ററിംഗ് ബോർഡിന് മറുപടി നൽകേണ്ടതാണ്.

(10) (9)-ാം ഉപവകുപ്പ് പ്രകാരം മറുപടി നൽകുമ്പോൾ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്നും ആവശ്യമായ വിവരങ്ങളും രേഖകളും സമർപ്പിച്ചിട്ടുണ്ടെന്നും കാണിക്കുന്ന തെളിവുകൾ ജില്ലാ രജിസ്റ്ററിംഗ് ബോർഡിൽ ഹാജരാക്കേണ്ടതാണ്.

(11) ജില്ലാ രജിസ്റ്ററിംഗ് ബോർഡ് തെളിവുകൾ പരിശോധിച്ചും സ്ഥാപനത്തിൽ പുനഃപരിശോധന നടത്തിയതിനും ശേഷം രജിസ്ട്രേഷനുള്ള അപേക്ഷ അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യാവുന്നതാണ്.

(12) സാധുവായ രജിസ്ട്രേഷൻ ലഭിച്ച സ്ഥാപനങ്ങൾ വ്യവസ്ഥകൾ നിലനിർത്തി പോരുന്നുണ്ടെന്ന് ജില്ലാ രജിസ്റ്ററിംഗ് ബോർഡ് ഉറപ്പാക്കേണ്ടതാണ്.

(13) രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനം വ്യവസ്ഥകൾ പ്രകാരം പ്രവർത്തിക്കുന്നുണ്ടോ എന്ന് കുറഞ്ഞത് വർഷത്തിലൊരിക്കൽ ജില്ലാ രജിസ്റ്ററിംഗ് ബോർഡ് പരിശോധിക്കേണ്ടതാണ്.

(14) തുടർ പരിശോധനയിൽ സ്ഥാപനം വ്യവസ്ഥകൾ പാലിക്കുന്നില്ലെന്ന് ബോദ്ധ്യപ്പെടുന്ന സംഗതിയിൽ, അങ്ങനെയുള്ള സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സംബന്ധിച്ച് 23-ാം വകുപ്പ് പ്രകാരമുള്ള നടപടി ജില്ലാ ബോർഡ് സ്വീകരിക്കേണ്ടതാണ്.

18. രജിസ്ട്രേഷൻ പുതുക്കൽ.—ഒരു സ്ഥാപനത്തിന് നൽകപ്പെട്ട രജിസ്ട്രേഷന് ഇരുപത്തിനാല് മാസത്തേയ്ക്ക് സാധുത ഉണ്ടായിരിക്കുന്നതാണ്. കാലാവധി അവസാനിക്കുന്നതിന് മുപ്പത് ദിവസം മുൻപായി സർക്കാരിൽനിന്നും മുൻകൂർ അനുമതി വാങ്ങിയശേഷം സംസ്ഥാന രജിസ്റ്ററിംഗ് ബോർഡ് നിർണ്ണയിക്കുന്ന അങ്ങനെയുള്ള ഫീസ് ഒടുക്കിക്കൊണ്ടും അങ്ങനെയുള്ള രജിസ്ട്രേഷൻ ഫാറം സമർപ്പിച്ചും രജിസ്ട്രേഷൻ പുതുക്കാവുന്നതാണ്.

19. അപേക്ഷ ലഭിച്ചതിനുള്ള രസീത് നൽകൽ.—ഒരു സ്ഥാപനത്തിന്റെ രജിസ്ട്രേഷനോ രജിസ്ട്രേഷൻ പുതുക്കലിനോ വേണ്ടി, അതത് സംഗതി പോലെ, അപേക്ഷ ലഭിച്ചതിനുള്ള രസീത് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ ജില്ലാ രജിസ്റ്ററിംഗ് ബോർഡ് നൽകേണ്ടതാണ്.

20. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്.—സ്ഥാപനം വ്യവസ്ഥകൾ പാലിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെടുന്ന സംഗതിയിൽ രജിസ്ട്രേഷനോ രജിസ്ട്രേഷൻ പുതുക്കലിനോ അതത് സംഗതിപോലെ, നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള വിവരങ്ങൾ ഉൾപ്പെടുന്ന അങ്ങനെയുള്ള ഫാറത്തിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ജില്ലാ രജിസ്റ്ററിംഗ് ബോർഡ് നൽകേണ്ടതാണ്.

21. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രദർശിപ്പിക്കണമെന്ന്.—ജില്ലാ രജിസ്റ്ററിംഗ് ബോർഡ് നൽകിയിട്ടുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സ്ഥാപനത്തിൽ ശ്രദ്ധിക്കപ്പെടുന്ന സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്.

22. ഉടമസ്ഥാവകാശ മാറ്റം.—ഏതെങ്കിലും സ്ഥാപനത്തിന്റെ ഉടമസ്ഥാവകാശം മാറുന്ന സംഗതിയിൽ, അങ്ങനെയുള്ള ഉടമസ്ഥാവകാശം മാറിയ തീയതി മുതൽ

പതിനഞ്ച് ദിവസത്തിനുള്ളിൽ അപ്രകാരമുള്ള വിവരം ജില്ലാ രജിസ്റ്ററിംഗ് ബോർഡിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

23. രജിസ്ട്രേഷൻ അസാധുവാക്കൽ.—രജിസ്റ്റർ ചെയ്ത സ്ഥാപനം രജിസ്ട്രേഷനുള്ള അർഹതാ വ്യവസ്ഥകളിൽ ഏതെങ്കിലും എപ്പോഴെങ്കിലും പാലിക്കുന്നില്ലെന്നോ സ്ഥാപനം നൽകിവരുന്ന സേവനത്തിൽ ബോധപൂർവ്വമോ അശ്രദ്ധകൊണ്ടോ വീഴ്ചകൾ വന്നിരിക്കുന്നുവെന്നോ സംസ്ഥാന രജിസ്റ്ററിംഗ് ബോർഡിനോ ജില്ലാ രജിസ്റ്ററിംഗ് ബോർഡിനോ ബോദ്ധ്യപ്പെടുന്ന സംഗതിയിൽ നോട്ടീസ് നൽകിക്കൊണ്ട് നോട്ടീസിൽ പരാമർശിച്ച കാരണങ്ങളാൽ രജിസ്ട്രേഷൻ അസാധുവാക്കാതിരിക്കാനുള്ള കാരണം പതിനഞ്ച് ദിവസത്തിനുള്ളിൽ അറിയിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.

24. സ്ഥാപനത്തിന് പറയുവാനുള്ള അവസരം നൽകുന്നതും രജിസ്ട്രേഷൻ റദ്ദാക്കുന്നതും.—സ്ഥാപനത്തിന് പറയുവാനുള്ള ന്യായമായ അവസരം നൽകിയതിനു ശേഷം രജിസ്ട്രേഷൻ വ്യവസ്ഥ ലംഘിച്ചതായി ജില്ലാ രജിസ്റ്ററിംഗ് ബോർഡിനോ സംസ്ഥാന രജിസ്റ്ററിംഗ് ബോർഡിനോ ബോദ്ധ്യമാകുന്ന സംഗതിയിൽ പരാമർശിത കാരണങ്ങളാൽ ആ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കാവുന്നതാണ്.

25. സ്ഥാപന പരിശോധന.—സംസ്ഥാന രജിസ്റ്ററിംഗ് ബോർഡിനോ ജില്ലാ രജിസ്റ്ററിംഗ് ബോർഡിനോ അവർ അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ ഏതെങ്കിലും സ്ഥാപനം നടത്തിയതോ ചെയ്തതോ ആയ പ്രവർത്തികൾ സംബന്ധിച്ച് ആ സ്ഥാപനത്തിന് നോട്ടീസ് നൽകിക്കൊണ്ടും ആ സ്ഥാപനത്തെ പ്രതിനിധാനം ചെയ്യുന്നതിനുള്ള അവകാശം നൽകിക്കൊണ്ടും പ്രവർത്തന നിബന്ധനാപാലനം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

26. പരിശോധനാഫലം അറിയിക്കുന്നത്.—പരിശോധനയുടെയോ അന്വേഷണത്തിന്റെയോ ഫലം സംബന്ധിച്ച് ബന്ധപ്പെട്ട സ്ഥാപനത്തെ അറിയിക്കുകയും സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് സംസ്ഥാന രജിസ്റ്ററിംഗ് ബോർഡോ ജില്ലാ രജിസ്റ്ററിംഗ് ബോർഡോ അതതു സംഗതിപോലെ ബന്ധപ്പെട്ട സ്ഥാപനത്തിന് നിർദ്ദേശം നൽകേണ്ടതുമാണ്.

27. സ്വീകരിച്ച നടപടി ലഭ്യമാക്കുന്നത്.—26-ാം വകുപ്പ് പ്രകാരമുള്ള നിർദ്ദേശത്തിന്മേൽ സ്ഥാപനം സ്വീകരിച്ച നടപടി സംസ്ഥാന രജിസ്റ്ററിംഗ് ബോർഡിനേയോ ജില്ലാ രജിസ്റ്ററിംഗ് ബോർഡിനേയോ അതത് സംഗതി പോലെ സ്ഥാപനത്തിന്റെ ഉത്തരവാദപ്പെട്ടയാൾ അറിയിക്കേണ്ടതാണ്.

28. രജിസ്ട്രേഷൻ സംബന്ധമായ പരാതി.—സ്ഥാപനത്തിന് അംഗീകൃത രജിസ്ട്രേഷൻ ലഭിച്ചതല്ല എന്ന പരാതിയിന്മേൽ സംസ്ഥാന രജിസ്റ്ററിംഗ് ബോർഡിനോ ജില്ലാ രജിസ്റ്ററിംഗ് ബോർഡിനോ അവർ അധികാരപ്പെടുത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ആ സ്ഥാപനത്തിൽ പരിശോധന നടത്താവുന്നതും തുടർനടപടി സ്വീകരിക്കാവുന്നതുമാണ്.

29. ആക്റ്റിലെ വ്യവസ്ഥകൾ പാലിക്കാത്തതിൽ പിഴ ഈടാക്കുന്നതിനുള്ള അധികാരം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ പാലിക്കാത്ത സംഗതിയിൽ നിർണ്ണയിക്കാവുന്ന

അങ്ങനെയുള്ള നടപടിക്രമം പാലിച്ചുകൊണ്ട് ന്യായനിർണ്ണയം നടത്തുന്നതിനും അന്വേഷണ വിചാരണ നടത്തി പിഴ ചുമത്തുന്നതിനും സംസ്ഥാന രജിസ്റ്ററിംഗ് ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

30. വ്യവസ്ഥകൾ പാലിക്കാത്തതിനുള്ള പിഴ.—ഈ ആക്റ്റിലെ വ്യവസ്ഥകൾ പാലിക്കാത്തതിലുള്ള സംഗതിയിൽ 29-ാം വകുപ്പ് നൽകുന്ന അധികാരം ഉപയോഗിച്ച് വ്യവസ്ഥ ലംഘിച്ച ഏതൊരു സ്ഥാപനവും കാലാകാലങ്ങളിൽ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള പിഴ ഒടുക്കുന്നതിനായി ശിക്ഷിക്കപ്പെടാവുന്നതാണ്.

31. പിഴ ഈടാക്കൽ.—30-ാം വകുപ്പ് പ്രകാരം ചുമത്തിയ പിഴകൾ, പിഴ സംബന്ധിച്ച നോട്ടീസ് നൽകിയ തീയതി മുതൽ ആറ് മാസത്തിനകം ഒടുക്കിയിട്ടില്ലാത്ത സംഗതിയിൽ ഭൂമിയിന്മേൽ നികുതി കുടിശ്ശിക എന്നതുപോലെ ഈടാക്കേണ്ടതാണ്.

32. വൈഷമ്യങ്ങൾ നീക്കുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്ന പക്ഷം, സർക്കാരിന്, ഉത്തരവ് മൂലം ആ വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത തുമായ അത്തരം വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്.

(2) എന്നാൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷം കഴിഞ്ഞതിനുശേഷം (1)-ാം ഉപവകുപ്പിൻ പ്രകാരം യാതൊരു ഉത്തരവും ഉണ്ടാക്കുവാൻ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന ഏത് ഉത്തരവും അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്കും, അത് സമ്മേളനത്തിലല്ലായെങ്കിൽ അടുത്ത സമ്മേളനത്തിന്റെ പ്രാരംഭത്തിലും വയ്ക്കേണ്ടതാണ്.

33. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനും പദ്ധതിയുടെ മറ്റെല്ലാ ആവശ്യങ്ങൾക്കുമായി സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടു കൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കി യശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും , അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ പ്രസ്തുത വിജ്ഞാപനത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ, അല്ലെങ്കിൽ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം വിജ്ഞാപനത്തിന് ശേഷം അതതു സംഗതിപോലെ അപ്രകാരം രൂപ ഭേദപ്പെടുത്തലുകൾ വരുത്തിയ പ്രകാരം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ

യാതൊരു പ്രാബല്യം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും, എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ ആ വിജ്ഞാപനം പ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിൽ ആയിരിക്കേണ്ടതാണ്.

ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

തൊഴിൽ മേഖലയിൽ ഗാർഹിക തൊഴിലാളികളുടെ എണ്ണം സംസ്ഥാനത്ത് വളരെയധികം വർദ്ധിച്ചിരിക്കുകയാണ്. ഏറെയും പാർട്ട്ടൈം ജോലിയായി നിർവ്വഹിക്കപ്പെടുന്നതും സ്ത്രീകൾ ഏറെ ഉൾപ്പെടുന്നതുമായ ഗാർഹിക തൊഴിൽ രംഗത്തെ തൊഴിലാളികൾക്ക് സംരക്ഷണം നൽകുന്നതിന് നിലവിലുള്ള തൊഴിൽ നിയമങ്ങൾ മതിയാവുന്നില്ല. ഗാർഹിക തൊഴിൽ കണ്ടെത്തുന്നതിന് ഇവർ അതിനായുള്ള സ്ഥാപനങ്ങളെ സമീപിക്കുന്നു. ഇപ്രകാരമുള്ള സ്ഥാപനങ്ങൾ ഇവരിൽനിന്നും രജിസ്ട്രേഷൻ, ശമ്പള വിഹിതം ഉൾപ്പെടെ വിവിധ തരത്തിൽ തുക ഈടാക്കുന്നതിന് പുറമെ തൊഴിൽ സ്ഥിരത ഇല്ലായ്മ, കുറഞ്ഞ വേതനം, വിവിധ തരം ജോലികൾ ചെയ്യേണ്ടതായി വരുന്നത്, തൊഴിലിടങ്ങളിലെ പിഢനം, അവധി ലഭിക്കാത്തത്, ചൂഷണം തുടങ്ങി ഒട്ടേറെ പ്രതികൂല സാഹചര്യം നേരിടുന്നു. ഇതോടൊപ്പം രോഗീപരിചരണം, ശിശുപരിപാലനം എന്നിവയ്ക്കായി നിയോഗിക്കപ്പെടുന്നവർക്ക് ആവശ്യമായ അറിവ് ലഭിക്കുന്നതിനുള്ള പരിശീലനം അവരെ റിക്രൂട്ട് ചെയ്യുന്ന സ്ഥാപനങ്ങൾ നൽകുന്നതുമില്ല. ആയതിനാൽ ഗാർഹിക മേഖലയിലെ തൊഴിലാളികൾക്ക് സഹായകമാകുന്നതിന് അവരെ നിയോഗിക്കുന്ന ഏജൻസികളുടെ നിയമംമൂലമുള്ള നിയന്ത്രണം അവശ്യഘടകമായിത്തീരുന്നു. ഇതുദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ വരികയും ചെയ്യുന്ന പക്ഷം സംസ്ഥാന രജിസ്ട്രേഷൻ ബോർഡിന്റെയും ജില്ലാ രജിസ്ട്രേഷൻ ബോർഡുകളുടെയും കാര്യാലയ രൂപീകരണത്തിനും പ്രവർത്തനത്തിനുമായി ആവർത്തന-അനാവർത്തന ചെലവുകൾ വരുന്നതാണ്. പ്രസ്തുത നികായങ്ങൾ പ്രവർത്തനക്ഷമത കൈവരിക്കുന്ന മുറയ്ക്ക് ചെലവുകൾ യഥാർത്ഥമായി കണക്കാക്കാവുന്നതാണ്. തുടക്കത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ കൈമാറേണ്ട പ്രതിവർഷ തുകയുടെ .05% ബോർഡിന്റെ പ്രവർത്തനത്തിനായി നീക്കിവയ്ക്കാവുന്നതാണ്.

ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 1-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം, ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി നിശ്ചയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(2) ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സ്ഥാപനങ്ങൾക്കായി

സംസ്ഥാന രജിസ്റ്ററിംഗ് ബോർഡ് രൂപീകരിക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(3) ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സംസ്ഥാന രജിസ്റ്ററിംഗ് ബോർഡ് രൂപീകരിക്കേണ്ട തീയതി നിശ്ചയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(4) ബില്ലിലെ 4-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം (എ) ഇനം പ്രകാരം സ്ഥാപനങ്ങളുടെ സംസ്ഥാന തലത്തിലുള്ള രജിസ്റ്റർ തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും സംസ്ഥാന രജിസ്റ്ററിംഗ് ബോർഡിനെ ചുമതലപ്പെടുത്തുന്നു.

(5) ബില്ലിലെ 4-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം (ബി) ഇനം പ്രകാരം സ്ഥാപനങ്ങളിലെ പരിശോധനാ രീതി നിശ്ചയിക്കുന്നതിന് സംസ്ഥാന രജിസ്റ്ററിംഗ് ബോർഡിനെ അധികാരപ്പെടുത്തുന്നു.

(6) ബില്ലിലെ 4-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം (സി) ഇനം പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച് വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(7) ബില്ലിലെ 4-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം പ്രകാരം രജിസ്ട്രേഷൻ ഫീസും മറ്റ് ഫീസുകളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(8) ബില്ലിലെ 11-ാം ഖണ്ഡം ജില്ലാ രജിസ്ട്രേഷൻ ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച് വിജ്ഞാപനം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തു.

(9) ബില്ലിലെ 15-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം സ്ഥാപനം സൂക്ഷിക്കുന്ന രജിസ്റ്ററിലെ ഫാറത്തിന്റെ മാതൃക നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു

(10) ബില്ലിലെ 15-ാം ഖണ്ഡം (11)-ാം ഉപഖണ്ഡം മുഴുവൻ സമയ ജോലിക്കായി നിയോഗിക്കപ്പെടുന്നവർക്ക് നൽകേണ്ട അവധി ആനുകൂല്യം സംബന്ധിച്ച വ്യവസ്ഥകൾ നിർണ്ണയിക്കുന്നതിന് സംസ്ഥാന രജിസ്റ്ററിംഗ് ബോർഡിനെ അധികാരപ്പെടുത്തുന്നു.

(11) ബില്ലിലെ 16-ാം ഖണ്ഡം (ബി) ഇനം പ്രകാരം ഗാർഹിക തൊഴിലുകൾക്കായി നിയോഗിക്കപ്പെടുന്നവർക്കുള്ള യോഗ്യതകൾ നിർണ്ണയിക്കുന്നതിന് സംസ്ഥാന രജിസ്റ്ററിംഗ് ബോർഡിനെ അധികാരപ്പെടുത്തുന്നു.

(12) ബില്ലിലെ 17-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം സ്ഥാപനം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫാറത്തിന്റെ മാതൃക നിർണ്ണയിക്കുന്നതിനും രജിസ്ട്രേഷൻ ഫീസ് നിർണ്ണയിക്കുന്നതിനും സംസ്ഥാന രജിസ്റ്ററിംഗ് ബോർഡിനെ അധികാരപ്പെടുത്തുന്നു.

(13) ബില്ലിലെ 17-ാം ഖണ്ഡം (5)-ാം ഉപഖണ്ഡം സ്ഥാപനം പാലിക്കേണ്ട വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന വസ്തുതകൾ ഉൾപ്പെടുത്തേണ്ട ഫാറത്തിന്റെ മാതൃക നിർണ്ണയിക്കുന്നതിന് സംസ്ഥാന രജിസ്റ്ററിംഗ് ബോർഡിനെ അധികാരപ്പെടുത്തുന്നു.

(14) ബില്ലിലെ 18-ാം ഖണ്ഡം സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള

ഫീസും രജിസ്ട്രേഷൻ ഫാറത്തിന്റെ മാതൃകയും നിർണ്ണയിക്കുന്നതിന് സംസ്ഥാന രജിസ്റ്ററിംഗ് ബോർഡിനെ അധികാരപ്പെടുത്തുന്നു.

(15) ബില്ലിലെ 19-ാം ഖണ്ഡം പ്രകാരം സ്ഥാപനം രജിസ്ട്രേഷനുള്ള അപേക്ഷ ലഭിച്ചതിന് കൊടുക്കുന്ന രസീതിന്റെ മാതൃക നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(16) ബില്ലിലെ 19-ാം ഖണ്ഡം പ്രകാരം സ്ഥാപനത്തിന് നൽകുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ മാതൃക നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(17) ബില്ലിലെ 29-ാം ഖണ്ഡം വ്യവസ്ഥകൾ പാലിക്കാത്തതിൽ ന്യായനിർണ്ണയം നടത്തി പിഴ ഈടാക്കുന്നതിനുള്ള നടപടിക്രമം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(18) ബില്ലിലെ 32-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(19) ബില്ലിലെ 33-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(20) ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കേണ്ടത് അല്ലെങ്കിൽ ചട്ടങ്ങളോ റെഗുലേഷനുകളോ ഉണ്ടാക്കേണ്ടത്, അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണവും ഭരണപരവുമായ സ്വഭാവത്തോടു കൂടിയതുമാണ്. കൂടാതെ, ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഡോ. എൻ. ജയരാജ്, എം. എൽ. എ.